"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സി.എസ്.ഐ.എൻ.വകുപ്പ്- IURWTS പദ്ധതി- മാർക്കറ്റ് കനാൽ വികസനം- എസ്റ്റിമേറ്റ് പി.എ.സി. തുകയേക്കാൾ 31.77% അധികരിച്ച ടെണ്ടർ സ്വീകരിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(കൈ) നം.2/2026/CSIND തീയതി,തിരുവനന്തപുരം, 31-01-2026

---

പരാമർശം:-
1. 12.02.2021 ലെ സ.ഉ.(എം.എസ്.)നം.1/2021/സി.എസ്.ഐ.എൻ.ഡി.
2. കൊച്ചി മെട്രൊ റെയിൽ ലിമിറ്റഡ് (കെ.എം.ആർ.എൽ.) മാനേജിംഗ് ഡയറക്ടറുടെ 26/09/2024 ലെ KMRL/PROJ/DGM(CIVIL-IURWTS2)/2023/776/161-2024 നമ്പർ കത്ത്.
3. 10.05.2025 ലെ സ.ഉ.(എം.എസ്.)നം.6/2025/സി.എസ്.ഐ.എൻ.ഡി.

**<u>ഉത്തരവ്</u>**

കൊച്ചി നഗരത്തിലെ പ്രധാന കനാലുകളെ പുനരുജ്ജീവിപ്പിക്കുന്നതിനും, നഗരത്തിലെ വെള്ളക്കെട്ടിനു ശാശ്വതമായ പരിഹാരം കാണുന്നതിനും, കനാലുകളിലൂടെ പണ്ട് നിലനിന്നിരുന്ന ജലഗതാഗതം പുനഃസ്ഥാപിക്കുന്നതിനുമായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL) മുഖേന ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം (IURWTS) പ്രോജക്ട് കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം 1528.27 കോടി രൂപയുടെ തത്വത്തിലുള്ള അനുമതി നല്കിയിരുന്നു. പ്രസ്തുത പദ്ധതിയ്ക്ക് പരാമർശം (3) പ്രകാരം 3716.10 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയും നല്കിയിട്ടുണ്ട്.

2. IURWTS പദ്ധതിയുടെ ഭാഗമായ മാർക്കറ്റ് കനാൽ വികസന പ്രവൃത്തികൾക്ക് 29.77 കോടി രൂപയുടെ ധനാനുമതി കിഫ്ബി-യിൽ നിന്ന് ലഭ്യമായിട്ടുണ്ടെന്നും, ജി.എസ്.ടി ഉൾപ്പെടെ 29.77 കോടി രൂപയുടെ പുതുക്കിയ സാങ്കേതികാനുമതി DSoR 2018 പ്രകാരം നല്കിയ ശേഷം ടെണ്ടർ നടപടികൾ സ്വീകരിച്ചുവെന്നും, മൂന്നാം തവണ ടെണ്ടർ ചെയ്തതിൽ പങ്കെടുത്ത രണ്ടു പേരിൽ എൽ.1 ബിഡ്ഡറായ M/s.മെറ്റാഗാർഡ് എഞ്ചിനീയേഴ്സ് & കോൺട്രാക്ടേഴ്സ് ക്വോട്ട് ചെയ്ത തുക 37,83,18,582/- രൂപയാണെന്നും ക്വോട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 31.77% കൂടുതലാണെന്നും ക്വോട്ട് ചെയ്ത തുക കുറയ്ക്കുന്നത് സംബന്ധിച്ച് L1 ബിഡ്ഡറുമായി ചർച്ച നടത്തിയെങ്കിലും പ്രവൃത്തി സ്ഥലത്തെ സവിശേഷ സാഹചര്യങ്ങൾ കാരണം നിരക്ക് കുറയ്ക്കാൻ ബിഡ്ഡർ തയ്യാറായില്ലെന്നും പരാമർശം (2) കത്ത് പ്രകാരം കെ.എം.ആർ.എൽ. മാനേജിംഗ് ഡയറക്ടർ അറിയിക്കുകയും എസ്റ്റിമേറ്റ് പി.എ.സി തുകയേക്കാൾ 31.77% അധികരിച്ച പ്രസ്തുത ടെണ്ടർ സ്വീകരിക്കുന്നതിന് അനുമതി നല്കണമെന്ന് ആവശ്യപ്പെടുകയുമുണ്ടായി. DSoR 2018 പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്നതിനാൽ ക്വോട്ടഡ് തുകയെ DSoR 2021+10%-മായി താരതമ്യം ചെയ്യുമ്പോൾ അതിനേക്കാൾ 12.92% കൂടുതലാണ് ക്വോട്ടഡ് തുകയെന്നും കെ.എം.ആർ.എൽ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. IURWTS പദ്ധതിയിലെ മാർക്കറ്റ് കനാൽ

വികസന പ്രവൃത്തികൾക്കായി എൽ.1 ബിഡ്ഡറായ M/S.മെറ്റാഗാർഡ് എഞ്ചിനീയേഴ്സ് & കോൺട്രാക്ടേഴ്സ് സമർപ്പിച്ച DSoR 2018 പ്രകാരമുള്ള എസ്റ്റിമേറ്റ് പി.എ.സി. തുകയായ 28,70,84,756/- രൂപയേക്കാൾ 31.77% അധികരിച്ച 18% ജി.എസ്.ടി. ഉൾപ്പെടെയുള്ള തുകയായ 37,83,18,582/- (മുപ്പത്തിയേഴ് കോടി എൺപത്തിമൂന്ന് ലക്ഷത്തി പതിനെട്ടായിരത്തി അഞ്ഞൂറ്റി എൺപത്തിരണ്ട്) രൂപയുടെ ടെൻഡർ സ്വീകരിക്കുന്നതിന് കെ.എം.ആർ.എൽ. മാനേജിംഗ് ഡയറക്ടർക്ക് അനുമതി അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്, ജെ.എൽ.എൻ മെട്രോ സ്റ്റേഷൻ, നാലാം നില, കലൂർ, എറണാകുളം, 682017
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി, ഫെലിസിറ്റി സ്ക്വയർ, സ്റ്റാച്യൂ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ (I&PW-B) വകുപ്പ് (No.I&PW-A1/247/2024-FIN തീയതി 25.10.2025)
ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പ്
പൊതുഭരണ (എസ്.സി.) വകുപ്പ്. ( 28.01.2026 ലെ ഇനം നമ്പർ.3588)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എ1/267/2024/സി.എസ്.ഐ.എൻ.ഡി.).

ഉത്തരവിൻ പ്രകാരം
Signed by
Bimal V
Date: 31-01-2026 11:19:54
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-01-2026

ഫയൽ നം. എ1/267/2024/സി.എസ്.ഐ.എൻ.ഡി. ഇനം നം: 3588

വിഷയം : കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ് - മാർക്കറ്റ് കനാൽ വികസന പ്രവൃത്തികൾക്കായി L1 ബിഡ്ഡർ, M/s. Metaguard Engineers & Contractors സമർപ്പിച്ച എസ്റ്റിമേറ്റ് പി.എ.സി. തുകയെക്കാൾ 31.77% അധികരിച്ച തുകയായ 37,83,18,582/- (18% ജി.എസ്.ടി. ഉൾപ്പെടെ) രൂപയുടെ ടെൻഡർ സ്വീകരിക്കുന്നതിന് കെ.എം.ആർ.എൽ. മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ്.

OFFICE OF THE ADDITIONAL CHIEF SECRETARY, HOME & VIGILANCE DEPARTMENT
30 JAN 2026

30/1/26
S.S

3588

# കേരള സർക്കാർ

## [ ശ്രീ. പിണറായി വിജയൻ മന്ത്രിസഭ ]

### മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം. എ 1/267/2024/സി.എസ്.ഐ.എൻ.ഡി. |
| 2 | വകുപ്പ് | : | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്. |
| 3 | വിഷയം | : | മാർക്കറ്റ് കനാൽ വികസന പ്രവൃത്തികൾക്കായി L1 ബിഡ്ഡർ, M/s. Metaguard Engineers & Contractors സമർപ്പിച്ച, എസ്റ്റിമേറ്റ് പി.എ.സി തുകയെക്കാൾ 31.77% അധികരിച്ച തുകയായ 37,83,18,582/- (18% ജി.എസ്.ടി. ഉൾപ്പെടെ) രൂപയുടെ ടെൻഡർ സ്വീകരിക്കുന്നതിന് കെ.എം.ആർ.എൽ. മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവു തീയതി | : | 15/11/2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾകൊള്ളിച്ചിട്ടുണ്ടോ ? | : | അതെ |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സജികുമാർ. ജെ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര്. | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | | 07/01/2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്. | : | ഡോ. എ.ജയതിലക് |
| 11 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13/01/2026 |
| 12 | കുറിപ്പ് അംഗീകരിച്ച മുഖ്യമന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | : | 20/01/2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 20/01/2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

## <u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

1. ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം (IURWTS) പദ്ധതിയുടെ ഭാഗമായ മാർക്കറ്റ് കനാൽ വികസന പ്രവൃത്തികൾക്കായി ലഭ്യമായിട്ടുള്ള ടെണ്ടറുകളിൽ എസ്റ്റിമേറ്റ് പി.എ.സി തുകയേക്കാൾ 31.77% അധികരിച്ച 37,83,18,582 രൂപയുടെ (18% ജി.എസ്.ടി. ഉൾപ്പെടെ) ടെണ്ടർ സ്വീകരിക്കുന്നതിന് അനുമതി നല്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കൊച്ചി നഗരത്തിലെ പ്രധാന കനാലുകളെ പുനരുജ്ജീവിപ്പിക്കുന്നതിനും, നഗരത്തിലെ വെള്ളക്കെട്ടിനു ശാശ്വതമായ പരിഹാരം കാണുന്നതിനും, നഗരത്തിലെ മലിനജല സംസ്കരണത്തിനും, കനാലുകളിലൂടെ പണ്ട് നിലനിന്നിരുന്ന ജലഗതാഗതം പുനഃസ്ഥാപിക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL) മുഖേന നടപ്പാക്കുന്ന പദ്ധതിയാണ് ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം (IURWTS) പ്രോജക്ട്. 12.02.2021 ലെ സ.ഉ.(എം.എസ്) നം.1/2021/സി.എസ്.ഐ.എൻ.ഡി പ്രകാരം 1528.27 കോടി രൂപയുടെ തത്വത്തിലുള്ള അനുമതി നല്കിയിരുന്ന IURWTS പദ്ധതിയ്ക്ക് 10.05.2025 ലെ G.O.(Ms)No.6/2025/CSIND പ്രകാരം 3716.10 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നല്കിയിട്ടുണ്ട്.

3. IURWTS പദ്ധതിയുടെ ഭാഗമായുള്ള വികസന പ്രവൃത്തികൾക്കായി ലഭ്യമായിട്ടുള്ള ടെണ്ടറുകൾ പരിഗണിക്കുന്നതിന് കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായും ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ

മെമ്പറായും കെ.എം.ആർ.എൽ. ജനറൽ മാനേജർ (ഡിസൈൻ) കൺവീനറായും ഒരു ടെണ്ടർ അക്സപ്റ്റൻസ് കമ്മറ്റി 22.10.2024 ലെ G.O.(Rt.)No.36/2024/CSIND പ്രകാരം രൂപീകരിച്ചിരുന്നു. IURWTS പദ്ധതിയുടെ ഭാഗമായ മാർക്കറ്റ് കനാൽ വികസന പ്രവൃത്തികൾക്ക് 29.77 കോടി രൂപയുടെ ധനാനുമതി കിഫ്ബിയിൽ നിന്നും 08.08.2022 ൽ ലഭിച്ചിരുന്നു. ജി.എസ്.ടി ഉൾപ്പെടെ 29.77 കോടി രൂപയുടെ പുതുക്കിയ സാങ്കേതികാനുമതി 02.03.2024 ൽ കെ.എം.ആർ.എൽ നല്കിയിരുന്നു. മാർക്കറ്റ് കനാൽ പദ്ധതിയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് പ്രവൃത്തികളുടെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് DSR 2018 പ്രകാരം പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരമാണ് തയ്യാറാക്കിയിട്ടുള്ളത്. മാർക്കറ്റ് കനാൽ വികസന പ്രവൃത്തിയ്ക്കായി ലഭ്യമായ ടെണ്ടറുകൾ ടി. കമ്മറ്റിയുടെ പരിഗണനയ്ക്കായി കെ.എം.ആർ.എൽ. മാനേജിംഗ് ഡയറക്ടർ സമർപ്പിച്ചിരുന്നു. പ്രൊപ്പോസലിലെ ടെണ്ടർ വിവരങ്ങൾ ചുവടെ ചേർക്കുന്നു;

| Tender Instance | Floated In | LI Bid % w.r.t PAC | Remarks |
|---|---|---|---|
| First | July 2022 | 32.90% above PAC | Re tendered due to high quote and poor participation. |
| Second | December 2022 | 22.03% below PAC | Work order rescinded due to non-performance of the contract |
| Third | March 2024 | 31.77% above PAC | Present proposal submitted |

4. മൂന്നാം ടെണ്ടറിൽ M/s.Metaguard Engineers & Contractors (31.77% above PAC), M/s. Marymatha Infrastructure Pvt. Ltd. (41.73% above PAC) എന്നിവർ പങ്കെടുത്തതിൽ L1 ബിഡ്ഡറായ M/s.Metaguard

Engineers & Contractors ക്വോട്ട് ചെയ്ത തുക 37,83,18,582 (18% ജി.എസ്.ടി. ഉൾപ്പെടെ) രൂപയാണ്. എൽ.എം.ആർ തുക, ഡിഎസ്ആർ + 10% എന്നിവയുമായി ക്വോട്ട് ചെയ്ത തുക താരതമ്യപ്പെടുത്തുമ്പോൾ ക്വോട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 31.77% കൂടുതലാണ്. L1 ബിഡ്ഡർ ക്വോട്ട് ചെയ്ത തുക കുറയ്ക്കുന്നത് സംബന്ധിച്ച് കെ.എം.ആർ.എൽ. നെഗോഷിയേഷൻ നടത്തിയെങ്കിലും പ്രവൃത്തി സ്ഥലത്തെ സവിശേഷ സാഹചര്യങ്ങൾ കാരണം നിരക്ക് കുറയ്ക്കാൻ ബിഡ്ഡർ തയ്യാറായില്ലെന്ന് കെ.എം.ആർ.എൽ. മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

**ക്വോട്ട് ചെയ്ത നിരക്കും എൽ.എം.ആർ നിരക്കും താരതമ്യം ചെയ്ത സ്റ്റേറ്റ്മെന്റ്**

| Tender Estimate (Including GST) | Tender Estimate +10% (Including GST) | L1 Bidder Quoted PAC (Including GST) | LMR (Including GST) |
|---|---|---|---|
| 28,70,84,756.26 | 31,57,93,231 | 37,83,18,582.29 | 31,18,43,213.54 |

5. മാർക്കറ്റ് കനാൽ വികസന പ്രവൃത്തികൾക്കായി ലഭ്യമായിട്ടുള്ള ടെണ്ടറുകളിൽ മാർച്ച് 2024 -ലെ മൂന്നാം ടെൻഡറിൽ L1 ബിഡ്ഡർ ആയ M/s.Metaguard Engineers & Contractors സമർപ്പിച്ച എസ്റ്റിമേറ്റ് പി.എ.സി തുകയേക്കാൾ 31.77% അധികരിച്ച സാഹചര്യത്തിൽ 24/02/2018 ലെ GO(Ms)No.69/2018/Fin ലെ അനുബന്ധം 7.2.5 ലെ ചുവടെ ചേർക്കുന്ന വ്യവസ്ഥ പ്രകാരം ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു;

" Tenders beyond justifiable market rate shall not be accepted. In exceptional circumstances if the tenders are to be accepted at a higher amount than the justifiable market rate the same shall be done with the approval of the Council of the Ministers only."

6. മേൽ വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി;

"AD is requested to place the Tender in the Council Of Ministers for a decision. AD is also requested to clarify the issue of funding this component and the project in general in the Cabinet Note. This has the approval of Hon'ble Minister for Finance".

7. മാർക്കറ്റ് കനാൽ വികസന പ്രവൃത്തി ഉൾപ്പെടുന്ന IURWTS പദ്ധതിയ്ക്ക് 10.05.2025 ലെ G.O.(Ms)No.6/2025/CSIND പ്രകാരം 3716.10 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നല്കിയിട്ടുണ്ട്. മാർക്കറ്റ് കനാൽ വികസന പ്രവൃത്തിക്ക് 29.77 കോടി രൂപയുടെ ധനാനുമതി കിഫ്ബിയിൽ നിന്നും 08.08.2022 ൽ ലഭിച്ചിരുന്നു. ജി.എസ്.ടി ഉൾപ്പെടെ 29.77 കോടി രൂപയുടെ പുതുക്കിയ സാങ്കേതികാനുമതി 02.03.2024 ൽ കെ.എം.ആർ.എൽ നല്കിയിരുന്നു.

8. മാർക്കറ്റ് കനാൽ വികസന പ്രവൃത്തികൾക്കായി മാർച്ച് 2024 -ലെ മൂന്നാം ടെൻഡറിൽ ലഭ്യമായിട്ടുള്ള ടെണ്ടറുകളിൽ L1 ബിഡ്ഡർ ആയ M/s.Metaguard Engineers & Contractors സമർപ്പിച്ച എസ്റ്റിമേറ്റ് പി.എ.സി തുകയേക്കാൾ 31.77% അധികരിച്ച ടെണ്ടർ സ്വീകരിക്കുന്നതിന് അനുമതി നല്കുന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി. അതിൻ പ്രകാരം മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് സഹിതം ഫയൽ സമർപ്പിച്ചപ്പോൾ നിലവിലുള്ള എസ്റ്റിമേറ്റ് DSoR 2018 പ്രകാരമാണ് തയ്യാറാക്കിയിരുന്നതെന്നതിനാൽ ക്വോട്ടഡ് തുകയെ DSoR 2021+10%- മായി താരതമ്യം ചെയ്ത സ്റ്റേറ്റ്മെന്റ് കൂടി സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി നിർദ്ദേശിക്കുയുണ്ടായി. മാർക്കറ്റ് കനാൽ പദ്ധതിയുടെ എസ്റ്റിമേറ്റ് DSoR 2018, DSoR 2021, DSoR 2021+10% എന്നിവ പ്രകാരം താരതമ്യം ചെയ്ത് കെ.എം.ആർ.എൽ.

ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

**<u>ക്വോട്ടഡ് തുകയെ DSOR 2021 പ്രകാരമുള്ള എസ്റ്റിമേറ്റ്+10%- മായി താരതമ്യം ചെയ്യ്ത സ്റ്റേറ്റ്മെന്റ്</u>**

| Tender Estimate based on DSoR 2018 (Including GST) | L1 Bidder (Including GST) | DSoR 2021 | DSoR 2021+10% |
|---|---|---|---|
| 28,70,84,756.26 | 37,83,18,582.29 | 30,45,62,427.77 | 33,50,18,670.55 |

L1 ബിഡ്ഡർ സമർപ്പിച്ച ക്വോട്ടഡ് തുക DSoR 2021 പ്രകാരമുള്ള എസ്റ്റിമേറ്റ് +10%-നേക്കാൾ 12.92% കൂടുതലാണ്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

IURWTS പദ്ധതിയിലെ മാർക്കറ്റ് കനാൽ വികസന പ്രവൃത്തികൾക്കായി മാർച്ച് 2024-ലെ മൂന്നാം ടെൻഡറിൽ ലഭ്യമായിട്ടുള്ള ടെണ്ടറുകളിൽ L1 ബിഡ്ഡർ ആയ M/s. Metaguard Engineers & Contractors സമർപ്പിച്ച, DSoR 2018 പ്രകാരമുള്ള എസ്റ്റിമേറ്റ് പി.എ.സി തുകയായ 28,70,84,756/- രൂപയേക്കാൾ 31.77% അധികരിച്ച തുകയായ 37,83,18,582/-(മുപ്പത്തിയേഴ് കോടി എൺപത്തിമൂന്ന് ലക്ഷത്തി പതിനെട്ടായിരത്തി അഞ്ഞൂറ്റി എൺപത്തിരണ്ട്) (18% ജി.എസ്.ടി. ഉൾപ്പെടെ) രൂപയുടെ ടെൻഡർ സ്വീകരിക്കുന്നതിന് കെ.എം.ആർ.എൽ. മാനേജിംഗ് ഡയറക്ടർക്ക് അനുമതി നല്കാമോ?